(സി) അതാതു സ്ഥലത്തെ വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസർ/ റെയിഞ്ചോഫീസർമാരാണ് പാസ് നൽകുന്നത്.

വന്യജീവികളെ മാറ്റുന്നതിന് കൂടുകൾ

20 (784) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറശ്ശിനികടവ് സ്നേക്ക് പാർക്ക് കണ്ടുകെട്ടി വന്യജീവികളെ അവിടെ നിന്നും മാറ്റുന്നതിന് എത്ര കൂടുകൾ നിർമ്മിച്ചിരുന്നു ;

(ബി) ഇതിന്റെ പണി കോൺട്രാക്റ്റ് നൽകിയിരുന്നോ ; എങ്കിൽ ആർക്ക് ;

(സി) ഇതിന്റെ പണിക്കുവേണ്ടി എന്തു തുക ചെലവായി ;

(ഡി) ഇതിന്റെ പണിക്കുവേണ്ടി എത്ര ദിവസമെടുത്തു ;

(ഇ) ഇതിന്റെ പണിക്കാവശ്യമായ തടി എവിടെനിന്ന് എന്ന് സപ്ലൈ ചെയ്തു ;

(എഫ്) എത്ര തടി ഇതിനു വേണ്ടിവന്നു ?

ഉത്തരം

(എ) 15 കൂടുകൾ.

(ബി) വി. എസ്. ചന്ദ്രൻ, വെള്ളിമുട്ടം ഹൗസ്, കെ.എസ്.ഇ.ബി.-യ്ക്ക് സമീപം, സുൽത്താൻബത്തേരി എന്നയാളാണ് കൂടുകൾ നിർമ്മിച്ച കരാറുകാരൻ.

(സി) 30,175 രൂപ

(ഡി) കാട്ടേഷൻ പ്രകാരമായതുകൊണ്ട് കൂടുനിർമ്മിച്ചതിനുശേഷമാണ് വില നൽകിയത്. ആയതിനാൽ കൂടിന്റെ പണിക്കുവേണ്ടി എത്ര ദിവസമെടുത്തു എന്നതിന് കൃത്യമായ രേഖയില്ല.

(ഇ&എഫ്) കരാറുകാരൻ നേരിട്ട് തടിവാങ്ങിയാണ് കൂടുകൾ പണിതത്.

ബസുകളുടെ ജപ്തി നടപടി

21 (791) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വിവിധ കോടതികളുടെ ഉത്തരവുപ്രകാരം എത്ര കെ. എസ്. ആർ. ടി. സി ബസുകൾ ജപ്തി ചെയ്തിട്ടുണ്ട് ;

(ബി) ജപ്തി ചെയ്യുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ബസുകൾ കോടതി ജപ്തി ചെയ്യുന്നതുമൂലം ഷെഡ്യൂളുകളിൽ മുടക്കം വന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly